(ബി) ഒന്നരലക്ഷം രൂപയോ അതിൽ താഴെയോ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗക്കാർ സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ളതും 31-3-2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ വായ്പകളിൽ പരമാവധി 50,000 രൂപാവരെയുള്ള കടാശ്വാസം സർക്കാർ ഏറ്റെടുത്ത് 10-12-2013-ലെ സ.ഉ.(അച്ചടി) 99/13/പജപവവിവ നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. 50,000 രൂപയിൽ താഴെയുള്ള വായ്പകളിൽ മുതലും വായ്പാ സ്ഥാപനം ധനകാര്യ സ്ഥാപനത്തിന് നൽകാനുള്ള പലിശയും ഉൾപ്പെടെ 50,000 രൂപ വരെ സർക്കാർ വഹിക്കുന്നതും ഇതിനുമുകളിൽ വരുന്ന പലിശ, പിഴപലിശ, മറ്റ് ചെലവുകൾ എന്നിവ വായ്പാ സ്ഥാപനം എഴുതിത്തള്ളേണ്ടതും 50,000 രൂപയ്ക്ക് മുകളിലുള്ള വായ്പകളിൽ മുതലും വായ്പാ സ്ഥാപനം ധനകാര്യ സ്ഥാപനത്തിന് നൽകാനുള്ള പലിശയും ഉൾപ്പെടെ 50,000 രൂപ വരെ സർക്കാർ ബാധ്യതയും ഇതിനുമുകളിൽ വരുന്ന പിഴപലിശ, വായ്പ ഈടാക്കാനുണ്ടായിട്ടുള്ള ചെലവ്, ധനകാര്യ സ്ഥാപനത്തിന് നൽകേണ്ട പലിശയിൽ കൂടുതലായി വായ്പാ സ്ഥാപനം ഈടാക്കിയിട്ടുള്ള പലിശ എന്നിവ വായ്പാ സ്ഥാപനം എഴുതിത്തള്ളേണ്ടതും ശേഷിക്കുന്ന മുതൽ തുക വായ്പാക്കാരന്റെ ബാധ്യതയുമായിരിക്കും. ടി പദ്ധതിക്കായി 12 കോടി രൂപ സർക്കാർ സഹകരണ സംഘം രജിസ്ട്രാർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

സംസ്ഥാന സഹകരണ വിജിലൻസ് വിഭാഗത്തിന്റെ ഘടന

84 (2322) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സഹകരണ വിജിലൻസ് വിഭാഗത്തിന്റെ ഘടനയും പ്രവർത്തനങ്ങളും വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ വിജിലൻസ് വിഭാഗം എത്ര പരാതികൾ സ്വീകരിച്ചിട്ടുണ്ട് ; ഇവയിൽ തീർപ്പാക്കിയ പരാതികൾ എത്ര ; കുറ്റക്കാർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) സഹകരണ വിജിലൻസിന്റെ അധികാരങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ;

(ഡി) വെഞ്ഞാറമൂട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് നമ്പർ 2419-ന്റെ പേരിൽ സഹകരണ വിജിലൻസിന് ഏതെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചത്; ആരൊക്കെയാണ് പരാതിക്കാർ; ഈ പരാതികളിൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന സഹകരണ വിജിലൻസ് ആഫീസിലെ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് സഹകരണ വിജിലൻസ് ആഫീസറായും സഹകരണ വകുപ്പിലെ ജോയിന്റ് രജിസ്ട്രാർ (വിജിലൻസ്), രണ്ട് സഹകരണ ഇൻസ്പെക്ടർമാർ, രണ്ട് ഓഫീസ് അറ്റൻഡർമാർ മൂന്ന് സിവിൽ പോലീസ് ഓഫീസർമാർ എന്നിവർ ഉൾപ്പെട്ടതുമാണ് ഓഫീസ്. കൂടാതെ സഹകരണ വിജിലൻസ് ആഫീസറുടെ കീഴിൽ ദക്ഷിണ മേഖല (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ) ആലപ്പുഴ ആസ്ഥാനമായും മദ്ധ്യമേഖല (കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്) തൃശ്ശൂർ ആസ്ഥാനമായും ഉത്തര മേഖല (മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്) കണ്ണൂർ ആസ്ഥാനമായും മേഖലാ ആഫീസുകൾ പ്രവർത്തിച്ചു വരുന്നു. ഓരോ മേഖലാ ഓഫീസിലും പോലീസ് വകുപ്പിലെ ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥൻ മേഖലാ സഹകരണ വിജിലൻസ് ആഫീസറായും പോലീസ് വകുപ്പിലെ ഒരു സർക്കിൾ ഇൻസ്പെക്ടർ, 3 വീതം സിവിൽ പോലീസ് ആഫീസർമാർ, സഹകരണ വകുപ്പിലെ ഒരു ഡെപ്യൂട്ടി രജിസ്ട്രാർ (വിജിലൻസ്), രണ്ട് സഹകരണ സംഘം ഇൻസ്പെക്ടർമാർ, രണ്ട് ഓഫീസ് അറ്റൻഡർമാർ എന്നിവർ ഉൾപ്പെട്ടതാണ് മേഖലാ ആഫീസുകൾ. സഹകരണ സംഘങ്ങളിലെ അഴിമതിയും ദുർഭരണവും, സാമ്പത്തിക ക്രമക്കേടുകൾ, ഫണ്ട് ദുർവിനിയോഗം എന്നിവ സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ പ്രാഥമിക അന്വേഷണം നടത്തി ലഭിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അതീവ ഗുരുതരമായ വിഷയങ്ങളിൽ സമഗ്രമായ അന്വേഷണത്തിനും വിശദമായ റിപ്പോർട്ടിനും വേണ്ടി സഹകരണ സംഘം രജിസ്ട്രാറുടെ ഉത്തരവ് പ്രകാരം പരാതികൾ സഹകരണ വിജിലൻസ് ആഫീസർക്ക് നൽകുകയും ടി പരാതികൾ അന്വേഷിച്ച് റിപ്പോർട്ട് സഹകരണ സംഘം രജിസ്ട്രാർക്ക് നൽകുകയും ചെയ്യുക എന്നുള്ളതാണ് സഹകരണ വിജിലൻസ് വിംഗിന്റെ കർത്തവ്യം. വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് നടത്തിയ വിലയിരുത്തലിൽ അടിയന്തര പ്രാധാന്യമുള്ള പരാതികളിൽപോലും അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് വളരെയേറെ കാലതാമസം വരുന്നതായും ഒട്ടേറെ പരാതികൾ അന്വേഷണം പൂർത്തിയാകാതെ ബാക്കി നിൽക്കുന്നതായും കണ്ടെത്തിയിട്ടുണ്ട്. സഹകരണ സംഘങ്ങളിലെ ക്രമക്കേടുകളുടെ സ്വഭാവം ക്രിമിനൽ കേസുകളുടേതിൽനിന്നും വിഭിന്നമായതിനാൽ നിരന്തരമായ പരിശോധനയും അന്വേഷണങ്ങളും നടത്തി കൊണ്ടുമാത്രമേ അത്തരം ക്രമക്കേടുകളും അഴിമതിയും തടയാൻ കഴിയുകയുള്ളൂ. ആയതിനാൽ സഹകരണ സംഘങ്ങളിലെ ക്രമക്കേടുകളും അഴിമതിയും ഫലപ്രദമായി തടയുന്നതിനും അംഗങ്ങളുടെ താൽപ്പര്യം പൂർണ്ണമായി സംരക്ഷിച്ച് സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനും കാര്യക്ഷമമായ പ്രവർത്തനത്തിനുമായി നിലവിലുള്ള സഹകരണ വിജിലൻസ് വിഭാഗം പുനഃസംഘടിപ്പിക്കുന്നതിന് സർക്കാർ തീരുമാനിക്കുകയും തീരുമാനം നടപ്പിലാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരികയുമാണ്.

(ബി) 60 എണ്ണം. 40 അന്വേഷണ റിപ്പോർട്ടുകൾ ലഭിച്ചതിൽ 16 അന്വേഷണ റിപ്പോർട്ടുകളിന്മേൽ നടപടികൾ ആവശ്യമില്ലെന്ന് ശിപാർശ ചെയ്തിട്ടുണ്ട്. എട്ട് അന്വേഷണ റിപ്പോർട്ടുകൾ സർക്കാരിന്റെ പരിശോധനയിലാണ്. ചില കേസുകളിൽ 2 വർഷവും അതിലധികം സമയമെടുത്തുകൊണ്ട് സഹകരണ നിയമം വകുപ്പ് 65, 66 പ്രകാരം അന്വേഷണം/പരിശോധന നടത്തുന്നതിനാൽ സമാന്തര അന്വേഷണം വിജിലൻസ് വിഭാഗം നടത്തേണ്ടതില്ലെന്ന് അഭിപ്രായപ്പെട്ടിട്ടുള്ളതായും സഹകരണ രജിസ്ട്രാറെ അറിയിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) സഹകരണ സംഘം രജിസ്ട്രാർ അന്വേഷണത്തിന് കൈമാറുന്ന പരാതികളിൽ അന്വേഷണം നടത്തി റിപ്പോർട്ട് സഹകരണ രജിസ്ട്രാർക്ക് കൈമാറുന്നതിനുള്ള അധികാരം മാത്രമാണ് സഹകരണ വിജിലൻസ് വിഭാഗത്തിന് നൽകിയിട്ടുള്ളത്. നേരിട്ട് അന്വേഷണം നടത്താനുള്ള അധികാരം വിജിലൻസിനില്ല.

(ഡി) 6-11-2013-ൽ ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ, എം.എൽ.എ.-യുടെ പരാതി സഹകരണ വിജിലൻസിന് ലഭിച്ചിട്ടുണ്ട്. കൂടാതെ ഇതേ വിഷയത്തിൽ ശ്രീമതി സുപ്രഭ മുതൽ 211 പേരും ചേർന്ന് സമർപ്പിച്ച മറ്റൊരു പരാതി 26-9-2011-ന് സഹകരണ രജിസ്ട്രാർക്കും ലഭിച്ചിരുന്നു. ടി പരാതികളിന്മേൽ സഹകരണ രജിസ്ട്രാർ തുടർ നടപടി സ്വീകരിച്ചു വരുന്നു.

സംസ്ഥാന സഹകരണ ഡെപ്പോസിറ്റ് ഗ്യാരണ്ടി ഫണ്ട് ബോർഡ്

85 (2323) ശ്രീ എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സഹകരണ ഡെപ്പോസിറ്റ് ഗ്യാരണ്ടി ഫണ്ട് ബോർഡ് എന്നാണ് രൂപീകരിച്ചത്;

(ബി) എന്തെല്ലാം പ്രവർത്തനങ്ങൾ പ്രസ്തുത ബോർഡിൽ നടത്തിവരുന്നു ;

(സി) പ്രസ്തുത ബോർഡിന്റെ പ്രവർത്തന ഫണ്ട് എങ്ങനെയാണ് സ്വരൂപിക്കുന്നത്;

(ഡി) സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യം സംരക്ഷിക്കുന്നതിനായി നാളിതുവരെ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്;

(ഇ) ബോർഡിന്റെ നിലവിലെ ആസ്തി എത്ര; ഡെപ്പോസിറ്റ് ഗ്യാരണ്ടി ഫണ്ടിൽ നിന്നും ഏതെങ്കിലും സർക്കാർ സ്ഥാപനത്തിന് വായ്പ നൽകിയിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ ഏത് സ്ഥാപനത്തിന് ; എത്ര രൂപ നൽകിയിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly